# ഗ്രാമവികസന കമ്മീഷണറേറ്റിലെ
# സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം

(ഹാജർ : നജീബ് എച്ച്.)

<u>സംഗ്രഹം</u>

ഗ്രാമവികസന വകുപ്പ് – ജീവനക്കാര്യം – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-1 തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റ ഉത്തരവ് ഭേദഗതി ചെയ്തും, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-2 ഉദ്യോഗസ്ഥരെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-1 ആയി സ്ഥാനക്കയറ്റം നൽകി/സ്ഥലമാറ്റി നിയമിച്ചും ഉത്തരവാകുന്നു.

**ഉത്തരവ് നം.**1507/**എസ്റ്റാ.ബി**2/2022/**സി.ആർ.ഡി.** **തീയതി : 27.05.2022**

പരാമർശം:-1. ഈ ആഫീസിലെ 05.05.2014 തീയതിയിലെ 20575/എസ്റ്റാ.ബി2/14/ സിആർഡി നമ്പർ ഉത്തരവ്.

2. ഈ ആഫീസിലെ 23.12.2021 തീയതിയിലെ 10045/എസ്റ്റാ.ബി2/18/ സിആർഡി നമ്പർ ഉത്തരവ്.
3. വൈക്കം ബ്ലോക്ക് പഞ്ചായത്തിന്റെ 24.02.2022 തീയതിയിലെ എ 323/2022 നമ്പർ കത്ത്
4. ഈ ആഫീസിലെ 20.05.2022 തീയതിയിലെ മേൽ നമ്പർ നടപടിക്രമം
5. പാലക്കാട് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) കാര്യാലയത്തിൽ നിന്നുള്ള 21.05.2022 തീയതിയിലെ ആർ.ഡി.1/2275/22 നമ്പർ കത്ത്

<u>ഉത്തരവ്</u>

മേൽ പരാമർശം (4) പ്രകാരം ക്രമനമ്പർ 9 ആയി സ്ഥാനക്കയറ്റം നൽകി എറണാകുളം ജില്ലയിലേക്ക് നിയമിച്ചിരുന്ന ശ്രീമതി ഷീജ ടി.ജി. വൈക്കം ബ്ലോക്ക് പഞ്ചായത്തിന്റെ സ്ഥാനക്കയറ്റം ടിയാൾ വകുപ്പ് വിട്ടുപോയതിനെ തുടർന്ന് റദ്ദാക്കി കൊണ്ട് മേൽ പരാമർശം (4) നടപടിക്രമം ഭേദഗതി ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

മേൽ പരാമർശം (1) (2) സീനിയോറിറ്റി ലിസ്റ്റുകളിൽ ഉൾപ്പെട്ടുകയും, എന്നാൽ മുമ്പ് സ്ഥാനക്കയറ്റത്തിന് പരിഗണിച്ചിട്ടില്ലാത്തതും നിലവിൽ സ്ഥാനക്കയറ്റത്തിന് അർഹരുമായ ചുവടെ ചേർത്തിട്ടുള്ള വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് – 2 ജീവനക്കാർക്ക് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് – 1 തസ്തികയിലേക്ക് 35600–75400 ശമ്പള സ്കെയിലിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് – 1 തസ്തികയിലേക്ക് **KS&SSR** പാർട്ട് II റൂൾ 28 **(b)(ii)**–ലെ വ്യവസ്ഥകൾക്ക് വിധേയമായി താഴെപറയും പ്രകാരം സ്ഥാനക്കയറ്റം നൽകിയും നിലവിൽ ഒഴിവുള്ള ജില്ലകളിലേക്ക് ഉടൻ പ്രാബല്യത്തിൽ സ്ഥലം മാറ്റി നിയമിച്ചുകൊണ്ടും ഉത്തരവാകുന്നു.

| ക്രമ നം. | സീനിയോറിറ്റി നമ്പർ | പേര്, തസ്തിക, ആഫീസ് | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന ജില്ല | സ്ഥാനക്കയറ്റ പ്രാബല്യത്തീയതി |
|---|---|---|---|---|
| 1 | 2051 (പഴയത്) | അബ്ദുൾ ലത്തീഫ് കെ.<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് - 2<br>പന്തലായനി ബ്ലോക്ക് പഞ്ചായത്ത്<br>കോഴിക്കോട് | പാലക്കാട് | 08.02.2022 |
| 2 | 1287 | പ്രദീപ് സി.<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് - 2<br>തൂത്താല ബ്ലോക്ക് പഞ്ചായത്ത് | പാലക്കാട് | 20.05.2022 |

ടി ഉദ്യോഗസ്ഥർക്ക് KSR Part I Rule 23, Rule 28 A പ്രകാരം ശമ്പള നിർണ്ണയത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്. മേൽ നിയമനങ്ങൾ താത്കാലികവും 2022-ലെ ഓൺലൈൻ പൊതുസ്ഥലമാറ്റ ഉത്തരവുകൾ പ്രകാരം സ്ഥലമാറ്റത്തിന് വിധേയവുമായിരിക്കും.

സ്ഥാനക്കയറ്റത്തിലൂടെ ജില്ലകളിൽ വന്ന ഒഴിവുകൾ ബന്ധപ്പെട്ട ദാരിദ്ര്യ ലഘൂകരണ വിഭാഗം, പ്രോജക്ട് ഡയറക്ടർമാർ, ജില്ലാതലത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-1, ഗ്രേഡ്-2 എന്നത് 1 : 1 അനുപാതം പാലിച്ചുകൊണ്ട് ബന്ധപ്പെട്ട P.S.C ജില്ലാഓഫീസർമാർക്ക്, (നിയമാനുസൃതം പൊതുഭരണ (സി.ഇ. സെൽ) വകുപ്പിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടവ ഒഴികെയുള്ളവ) ഉടൻ തന്നെ റിപ്പോർട്ട് ചെയ്യേണ്ടതും പൊതുഭരണ (സി.ഇ. സെൽ) -ൽ റിപ്പോർട്ട് ചെയ്യേണ്ട ബാക്ക് ലോഗ് ഉൾപ്പെടെയുള്ള ഒഴിവുകൾ ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:-1. പ്രോജക്ട് ഡയറക്ടർ, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്
2. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്
3. ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, വൈക്കം, പന്തലായിനി, തൂത്താല
4. ഐ.ടി സെൽ, സി.ആർ.ഡി
5. ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

ജൂനിയർ സൂപ്രണ്ട്